വ്യവസായ സ്ഥാപനങ്ങളിൽ 101 സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. അതിൽ 13 എണ്ണം കൺസ്യൂമർ സംഘങ്ങളും 88 എണ്ണം ക്രഡിറ്റ് സംഘങ്ങളുമാണ്. പുതുതായി സഹകരണസംഘം രജിസ്റ്റർ ചെയ്യാൻ ചട്ടപ്രകാരം അപേക്ഷ ലഭിച്ചാൽ അവയ്ക്ക് പ്രവർത്തനക്ഷമത പരിശോധിച്ച് രജിസ്ട്രേഷൻ നൽകുന്നതാണ്.

സഹകരണസ്ഥാപനങ്ങളിലെ അഴിമതി തടയുവാനുള്ള നടപടി

170 (950)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സഹകരണ സ്ഥാപനങ്ങളിലെ അഴിമതി തടയുവാൻ ഏതെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) അഴിമതിയുടെ പേരിൽ ഏതെല്ലാം സ്ഥാപനങ്ങളിലെ ഭരണസമിതി പിരിച്ചുവിട്ടു എന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) വിജിലൻസ് റിപ്പോർട്ട് കിട്ടിയിട്ടും നടപടി എടുക്കുവാൻ സാധിക്കാത്ത സ്ഥിതി എവിടെയെങ്കിലുമുണ്ടോ;

(ഇ) വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയാൽ ഒരു വർഷം കഴിഞ്ഞ് അന്വേഷണം പൂർത്തിയാക്കാത്ത എത്ര കേസ്സുകൾ ഉണ്ടെന്നും അത് ഏതെല്ലാം സ്ഥാപനങ്ങളെക്കുറിച്ചുള്ളവയാണെന്നും വ്യക്തമാക്കുമോ;

(എഫ്) വിജിലൻസ് അന്വേഷണം നീണ്ടുപോകുന്നത് പ്രസ്തുത സഹകരണ സ്ഥാപനങ്ങളുടെ താൽപ്പര്യത്തിന് വിരുദ്ധമാകയാൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വകുപ്പുതലത്തിലുള്ള അന്വേഷണങ്ങളും പരിശോധനകളും ഫലപ്രദമായി നടത്താനും ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകൾ കാണുന്ന സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷണത്തിന് സഹകരണ വകുപ്പിലെ വിജിലൻസ് വിഭാഗത്തെയും പോലീസ്/വിജിലൻസ് വകുപ്പിനെയും ഏർപ്പെടുത്താറുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി)-(ഇ) വിവരം ആഭ്യന്തര/വിജിലൻസ് വകുപ്പിൽനിന്നും ശേഖരിച്ചുവരുന്നു.

(എഫ്) ആഭ്യന്തര/വിജിലൻസ് വകുപ്പുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

8. എൻ. എസ്. എസ്. ട്രെയിനിംഗ് കോളേജ്, ചങ്ങാനാശ്ശേരി
9. മൗണ്ട് കാർമ്മൽ ട്രെയിനിംഗ് കോളേജ്, കോട്ടയം
10. സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജ്, പാലാ
11. സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജ്, മാന്നാനം
12. എസ്. എൻ. എം. ട്രെയിനിംഗ് കോളേജ്, മുത്തകുന്നം
13. സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജ്, എറണാകുളം
14. എൻ. എസ്. എസ്. ട്രെയിനിംഗ് കോളേജ്, ഒറ്റപ്പാലം
15. ഫാറൂക്ക് ട്രെയിനിംഗ് കോളേജ്, ഫാറൂക്ക്, കോഴിക്കോട്.

അനുബന്ധം - 3

(29.6.99-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 171 (954) ന്റെ ഉത്തരം കാണുക)

അഴിമതിയുടെ പേരിൽ ചുവടെ ചേർത്തിരിക്കുന്ന സഹകരണസ്ഥാപനങ്ങളുടെ ഭരണസമിതികൾ പിരിച്ചുവിട്ടിട്ടുണ്ട്.

1. പഴയകുന്നുമ്മേൽ സർവീസ് സഹകരണബാങ്ക്
2. ആംകോസ്, ആറ്റിങ്ങൽ.
3. കക്കാകുന്ന് വനിതാ സഹകരണസംഘം
4. ഐ. എസ്. ആർ. ഒ. സഹകരണസംഘം
5. പനക്കോട് സർവീസ് സഹകരണ ബാങ്ക്
6. നെയ്യാറ്റിൻകര വിദ്യാഭ്യാസജില്ലാ സഹകരണസംഘം
7. പള്ളിച്ചൽ ഫാർമേഴ്സ് സഹകരണ ബാങ്ക് (പിരിച്ചുവിട്ട നടപടി ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നു.)
8. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
9. കൊല്ലം ജില്ലാ മോട്ടോർ മെക്കാനിക്കൽ ആന്റ് ഇൻഡസ്ട്രിയൽ വർക്കേഴ്സ് സഹകരണസംഘം ക്ലിപ്തം, നം. കൃ.യു. 1040.
10. രാജീവ്ഗാന്ധി സഹകരണ ആശുപത്രി നം. 1041.
11. പുതക്കുളം സർവീസ് സഹകരണബാങ്ക് ക്ലിപ്തം നം. 2944.
12. കൊല്ലൂർവിള സർവീസ് സഹകരണബാങ്ക് ക്ലിപ്തം നം. കൃ.യു. 214
13. ശാസ്താംകോട്ട കാർഷിക ഗ്രാമവികസനബാങ്ക് ക്ലിപ്തം കൃ.യു. 373.
14. ചേർത്തല സഹകരണ അർബൻ ബാങ്ക് നം. 2655.
15. മുണ്ടക്കയം റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം കെ. 875.
16. കൊഴുവനാൽ സർവീസ് സഹകരണബാങ്ക് 213.
17. മീനച്ചിൽ സർവീസ് സഹകരണബാങ്ക് കെ. 271.
18. എലിക്കുളം സർവീസ് സഹകരണബാങ്ക് കെ. 158.
19. എളംകുളം സർവീസ് സഹകരണബാങ്ക് 3576.

LIBRARY ARCHIVES Kerala Legislative Assembly

20. കോട്ടയം ജില്ലാ വിനോദസഞ്ചാര വികസന സഹകരണസംഘം ക്ലിപ്തം. 903.
21. തോപ്രാംകുടി സർവീസ് സഹകരണബാങ്ക്
22. കൂടാർ സർവീസ് സഹകരണബാങ്ക്.
23. എല്ലക്കൽ സർവീസ് സഹകരണബാങ്ക്.
24. കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ.
25. മുണ്ടൂർ സർവീസ് സഹകരണബാങ്ക്
26. തൃശ്ശൂർ ജില്ലാ സഹകരണ ആശുപത്രി
27. തൃശ്ശൂർ ബാങ്ക് എംപ്ലോയീസ് സഹകരണ സംഘം
28. കോൽക്കുളം സർവീസ് സഹകരണബാങ്ക്
29. പെരുന്തൽമണ്ണ താലൂക്ക് റൂറൽ ഹൗസിംഗ് സർവീസ് സഹകരണ സംഘം
30. വയനാട് ജില്ലാ സഹകരണ ആശുപത്രി.

LIBRARY ARCHIVES Kerala Legislative Assembly